പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3407 18/02/2013-ലെ മറുപടിയ്ക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ. ടി.എം. തോമസ് ഐസക്**<br>**ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീമതി. പി. അയിഷാ പോറ്റി**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീ. കെ.പി. മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ)രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും കുടുംബശ്രീയേയും അവഗണിച്ചും മാനദണ്ഡങ്ങളും ചട്ടങ്ങളും പാലിക്കാതെയും സ്വകാര്യസംഘടനയായ ജനശ്രീയ്ക്ക് നൽകിയതിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം മാനദണ്ഡങ്ങളും ചട്ടങ്ങളും പാലിക്കാതെ സ്വകാര്യ സംഘടനയായ ജനശ്രീയ്ക്ക് ഫണ്ട് നൽകിയിട്ടില്ല. |
| **ബി)** ആർ.കെ.വി.വൈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, കാർഷികവും അനുബന്ധവുമായ മേഖലയ്ക്കുള്ള ഫണ്ട് സ്വകാര്യ സംഘടനകൾക്ക് നൽകിയ നടപടി സർക്കാർ പുന:പരിശോധിക്കുമോ; | ബി) ബാധകമല്ല. |
| **സി)** ജനശ്രീ എന്ന സ്വകാര്യ സംഘടനയ്ക്ക് ഇതിനകം സർക്കാർ ഈ പദ്ധതി പ്രകാരം നൽകിയ തുക എത്രയാണ്; ഈ തുക തിരിച്ചു പിടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | സി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 268/2012/എഡി തീയതി, 23/11/2012 പ്രകാരം 847.41 ലക്ഷം രൂപ ഈ സംഘടനയ്ക്ക് അനുവദിച്ചു എങ്കിലും നാളിതുവരെ ഈ തുക സംഘടനയ്ക്ക് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ